a penalty; cases of reversion while officiating in a higher service, grade or post to lower service, grade or post otherwise than as a penalty; penalties and any other matter notified by the Government.

പിന്നോക്ക വിഭാഗങ്ങൾക്കുള്ള സംവരണത്തെക്കുറിച്ചു പഠിക്കുന്നതിന് നിയോഗിച്ചിട്ടുള്ള കമ്മീഷൻ

* 117 [126] ശ്രീ. എൻ. ഭാസ്കരൻ നായർ:

,, ആർ. സുന്ദരേശൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗങ്ങൾക്കുള്ള സംവരണത്തെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിച്ചിട്ടുള്ള മണ്ഡൽ കമ്മീഷൻ എന്നാണ് കേരളത്തിൽ വന്നത്;

(ബി) കമ്മീഷനെ സഹായിക്കുന്നതിനുവേണ്ടി സംസ്ഥാന ഗവൺമെൻറ് നിയോഗിച്ച രണ്ട് അംഗങ്ങൾ ആരെല്ലാം;

(സി) ഇവർ രണ്ടുപേരും സാമുദായിക സംവരണത്തിൻെറ പ്രയോജനം ലഭിക്കുന്ന സമുദായങ്ങളുടെ പ്രതിനിധികൾ ആണോ;

(ഡി) ആണെങ്കിൽ ഇതിൻെറ ഫലമായി കമ്മീഷന് എതിരഭിപ്രായം കേൾക്കാനുള്ള അവസരം ലഭിക്കുന്നില്ലെന്ന പരാതി ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ):

(എ) കമ്മീഷൻ 21-6-1979 മുതൽ 25-6-1979 വരെ സംസ്ഥാനം സന്ദർശിച്ചിട്ടുണ്ട്.

(ബി) ശ്രീ. ഇ. അഹമ്മദ്, എം. എൽ. എ.
ശ്രീ. പി. എസ്. വേലായുധൻ, പ്രസിഡണ്ട്,
എസ്. എൻ. ഡി. പി. യോഗം. കൊല്ലം.

(സി) അതേ. കമ്മീഷനിലേക്ക് കോ-ഓപ്റ്റ് ചെയ്യുന്ന അഡീഷണൽ മെമ്പർമാർ പിന്നോക്ക വിഭാഗത്തിൽപ്പെട്ടവരായിരിക്കണമെന്ന് കേന്ദ്ര ഗവൺമെൻറ് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഈ ഗവൺമെൻറ് ചെയ്തത് കേന്ദ്രഗവൺമെൻറിൻെറ നിർദ്ദേശപ്രകാരമാണെന്ന വാദഗതി ഉന്നയിക്കുന്നുണ്ടെങ്കിലും ഒന്ന് ഒന്നേകാൽക്കോടിയോളം ആനുകൂല്യം നിഷേധിക്കപ്പെടുന്ന വിഭാഗം ഉണ്ട്. അവരുടെ അഭിപ്രായം കേൾക്കുന്നതിനു ഈ പ്രാതിനിധ്യം അവർക്കുംകൂടി കൊടുക്കുന്നതിനെപ്പറ്റി ആലോചിച്ചുകൂടായിരുന്നുവോ? അങ്ങനെ ചെയ്യാതിരുന്നതു നീതിപൂർവ്വകമായിരുന്നില്ല എന്നു ഗവൺമെൻറ് കരുതുന്നുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ഈ കമ്മീഷൻ ഓരോ സംസ്ഥാനങ്ങളും സന്ദർശിക്കുമ്പോൾ ആ സംസ്ഥാനത്തെ രണ്ടാളുകളെ അതിൽ എടുത്താണ് അസോസിയേറ്റ് മെമ്പേഴ്സ് എന്ന മട്ടിൽ കോ-ഓപ്റ്റ് ചെയ്യണ

LIBRARY ARCHIVES Kerala Legislative Assembly

മെന്നാണ് വ്യവസ്ഥ. അതു പിന്നോക്കവിഭാഗത്തിൽപ്പെട്ടവരായിരിക്കണമെന്നും വ്യവസ്ഥയുണ്ട്, അതനുസരിച്ചാണ് ചെയ്തത്. അതിൽ ക്കവിഞ്ഞു മുന്നോക്കസമുദായങ്ങളിൽപ്പെട്ട ആരെയെങ്കിലും കോ-ഓപ്റ്റ് ചെയ്യാൻ അധികാരവുമില്ല, അതിനവസരവുമില്ല. പിന്നോക്കസമുദായ കമ്മീഷനായിട്ടാണ് മണ്ഡൽ കമ്മീഷനെ നിയമിക്കപ്പെട്ടിട്ടുള്ളതെങ്കിലും മുന്നോക്കസമുദായക്കാർക്കും ആ കമ്മീഷൻ ഇവിടെ സന്ദർശിച്ചപ്പോൾ അഭിപ്രായപ്രകടനങ്ങൾ നടത്താനുള്ള പരിപൂർണ്ണമായ അവസരങ്ങൾ ഉണ്ടായിരുന്നു. അതിനുള്ള സിറ്റിംഗ്സ് ഇവിടെ നടന്നു. എം.എൽ.എ.മാരെ ക്ഷണിച്ചിരുന്നു. എം. പി. മാരെ ക്ഷണിച്ചിരുന്നു. അവർക്ക് ഈ അവസരം ഉപയോഗിക്കാമായിരുന്നു.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പിന്നോക്ക മുന്നോക്ക വിഭാഗക്കാർ എന്നുള്ളതിനെക്കാൾ നമ്മുടെ രാജ്യത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് ഈ കാര്യങ്ങൾ അവരുടെ പരിഗണനയിൽ കൊണ്ടുവരാനുള്ള സൗകര്യങ്ങൾ ലഭിച്ചിട്ടില്ല എന്ന ആക്ഷേപം പൊതുവേ ഈ രാജ്യത്തെ പത്രങ്ങൾ എഡിറ്റോറിയലുകളൊക്കെ എഴുതുകയുണ്ടായി. കേന്ദ്ര ഗവൺമെന്റ് രണ്ട് പിന്നോക്കസമുദായങ്ങളിൽപ്പെട്ട അസോസിയേറ്റ് അംഗങ്ങളെ നിയമിക്കണമെന്നു പറഞ്ഞിരുന്നുവെങ്കിലും ഗവൺമെന്റ് വേണമെങ്കിൽ ഇവരെക്കൂടി റിപ്രസന്റേറ്റ് ചെയ്യത്തക്കരീതിയിൽ നിയമിക്കേണ്ടതല്ലായിരുന്നോ? അങ്ങനെ ചെയ്യാതെയിരുന്നത് എന്തുകൊണ്ടാണ്?

ശ്രീ. പി. കെ. വാസുദേവൻ നായർ: സംസ്ഥാന ഗവൺമെന്റിനു അങ്ങനെയുള്ള യാതൊരു അധികാരവും ഇക്കാര്യത്തിൽ ഉണ്ടായിരുന്നില്ല. കേന്ദ്രഗവൺമെന്റ് പറഞ്ഞതനുസരിച്ച് പ്രവർത്തിച്ചു. ഈ കമ്മീഷന്റെ സിറ്റിംഗ്സ് തിരുവനന്തപുരത്ത് ഡർബാർ ഹാളിൽ ഉണ്ടായിരുന്നു. പരസ്യമായി നോട്ടിഫൈ ചെയ്തതിനു ശേഷമാണ് കമ്മീഷൻ സമ്മേളിച്ചത്. കോഴിക്കോട്ടും ഉണ്ടായിരുന്നു. അവിടെയെല്ലാം ആർക്കും ഈ കാര്യത്തെ സംബന്ധിച്ച് റിപ്രസന്റേഷൻ കൊടുക്കാമായിരുന്നല്ലോ?

ശ്രീ. ആർ. സുന്ദരേശൻ നായർ: എല്ലാ വിഭാഗക്കാർക്കും അഭിപ്രായങ്ങൾ പറയാൻ അവസരം ഉണ്ടായിരുന്നുവെന്നു മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. എന്നാൽ കമ്മീഷൻ കളക്ടറേറ്റിൽ മുന്നൂറു ആളുകളെ വിളിച്ചുകൂട്ടിയിട്ട് രണ്ടോ മൂന്നോ ആളുകൾ സംസാരിച്ചു കഴിഞ്ഞപ്പോൾ ബാക്കി ആളുകൾക്ക് സംസാരിക്കാൻ അവസരം കൊടുക്കാതെ 'കന്യാകുമാരിക്ക് പോകാൻ സമയമായി' എന്നും പറഞ്ഞു കമ്മീഷന്റെ പ്രവർത്തനം അവസാനിപ്പിച്ചുകൊണ്ട് പോകുകയും ചെയ്തു എന്നതിനെപ്പറ്റി അഭിപ്രായം തെളിവെടുപ്പ് അവസാനിപ്പിച്ചതായും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. കെ. വാസുദേവൻ നായർ: ആ കാര്യത്തെപ്പറ്റി അഭിപ്രായം പറയാൻ ഞാൻ ആളല്ല. കമ്മീഷന്റെ പ്രവർത്തനം അവർതന്നെ സ്വതന്ത്രമായി നടത്തുകയാണ്.

ശ്രീ. ആർ. സുന്ദരേശൻ നായർ: ഇതൊരു പാർലമെന്ററി കമ്മീഷനാണോ? പാർലമെന്റ് പിരിച്ചുവിട്ടിരിക്കുന്ന സന്ദർഭത്തിൽ ഈ കമ്മീഷന്റെ പ്രവർത്തനങ്ങൾ വരുമോ?

(ഉത്തരം പറഞ്ഞില്ല)

LIBRARY ARCHIVES Kerala Legislative Assembly